# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5843** **25.05.2017 ൽ മറുപടിയ്ക്ക്**

## സൗരഗൃഹ പദ്ധതിയിൽ എൻ. ജി. ഒ.കളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ. ബാബു | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സൗരഗൃഹ പദ്ധതിക്കായി ഉപഭോക്താക്കളെ കണ്ടെത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) | കേന്ദ്ര നവനവീകരണീയ ഊർജ്ജ മന്ത്രാലയം പുറത്തിറക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കുന്ന മുൻഗണന ക്രമത്തിലാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. സോളാർ ഓഫ് ഗ്രിഡ് പദ്ധതിയിൽ 1 മുതൽ 3 കിലോവാട്ട് വരെ മാത്രമേ ഗാർഹിക ഗുണഭോക്താക്കൾക്ക് അർഹതയുള്ളൂ. സോളാർ ഗ്രിഡ് കണക്റ്റഡ് പദ്ധതിയിൽ ഗാർഹിക ഗുണഭോക്താക്കൾക്ക് പുറമേ നോൺ-പ്രോഫിറ്റ് ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കും സബ്സിഡി ലഭ്യമാണ്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; അതുവഴി എത്ര മെഗാവാട്ട് ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് നിലവിൽ സോളാർ കണക്റ്റ് പ്രോഗ്രാമിലൂടെ പവർ പ്ലാന്റുകൾ സ്ഥാപിച്ചതിൽ നിന്ന് ആകെ 3.274 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്. കൂടാതെ 10000 സൗരമേൽക്കൂര പ്രോഗ്രാമിലൂടെ 9836 പവർ പ്ലാന്റുകൾ സ്ഥാപിച്ചതിൽ നിന്നും ആകെ 9.836 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്. |
| (സി) | എത്ര മെഗാവാട്ട് വൈദ്യുതിയാണ് സൗരഗൃഹ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്; | (സി) | സോളാർ കണക്റ്റ് പ്രോഗ്രാമിലൂടെ 5 മെഗാവാട്ട് സ്ഥാപിതശേഷിയും സോളാർ സ്മാർട്ട് പ്രോഗ്രാമിലൂടെ 6.4 മെഗാവാട്ട് സ്ഥാപിതശേഷിയുമാണ് സംസ്ഥാനത്ത് ലക്ഷ്യം വച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഉപഭോക്താക്കൾക്ക് ഇതിനായുണ്ടാകുന്ന ചെലവ് എത്രയാണ്; എത്ര ശതമാനം സബ്സിഡി നൽകുന്നുണ്ട്; | (ഡി) | ഉപഭോക്താവിന് സോളാർ കണക്ട് പ്രോഗ്രാമിലൂടെ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് ആകെ 75,000/- രൂപയാണ് ഏകദേശവില. ഇതിൽ കേന്ദ്ര സർക്കാർ സബ്സിഡി വിഹിതമായി ആകെ തുകയുടെ 30 ശതമാനവും സംസ്ഥാന സർക്കാർ സബ്സിഡി വിഹിതമായി 7200/- രൂപയുമാണ് ലഭിക്കുക. സോളാർ സ്മാർട്ട് പ്രോഗ്രാമിലൂടെ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് ഏകദേശ വില 1,50,000/-രൂപയും സബ്സിഡി വിഹിതമായി ഒരു കിലോവാട്ടിന് 67500/- രൂപയും ലഭിക്കും. |
| (ഇ) | ആരാണ് പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയെന്നും ആരെയാണ് ഇതിനായി സമീപിക്കേണ്ടതെന്നും അറിയിക്കുമോ; | (ഇ) | അനെർട്ട് ആണ് നോഡൽ ഏജൻസി. ഉപഭോക്താക്കൾ ഡയറക്ടർ, അനെർട്ടിനെ സമീപിക്കുക. |
| (എഫ്) | സൗരഗൃഹ പദ്ധതി വ്യാപിപ്പിക്കുന്നതിനായി വിവിധ എൻ.ജി.ഒകളെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പദ്ധതി ജനകീയമാക്കുവാൻ തയ്യാറാകുമോ? | (എഫ്) | 2017-18 സ്കീമിലുൾപ്പെടുത്തി എൻ. ജി. ഒ.കളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പദ്ധതി ജനകീയമാക്കുവാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ